സ നിത്യദോദ്വിഗ്നധിയാ തമീശ്വരം
പിബൻ വദൻ വാ വിചരൻ സ്വപഞ്ഛ്വസൻ
ദദർശ ചക്രായുധമഗ്രതോയ
സ്തദേവ രൂപം ദുരവാപമാപ (10-44-39)

ഉടനേതന്നെ രണ്ടു ദ്വന്ദയുദ്ധങ്ങൾ ആരംഭിച്ചു. ചാണൂരനും കൃഷ്ണനും. മുഷ്ടികനും ബലരാമനും. ആ മല്ലയുദ്ധം അത്ഭുതകരമായൊരു കാഴ്ച തന്നെയായിരുന്നു. രാമകൃഷ്ണൻമാർ മല്ലവീരൻമാരുടെ ചാതുര്യത്തോടെ അസാധരണ ശക്തിയോടെ ഉർജ്ജ്വസ്വലരായി ചാണൂരനും മുഷ്ടികനുമായി പോരാടി. എന്നാൽ കാണികൾ- പ്രത്യേകിച്ചും സ്ത്രീജനങ്ങൾ അതുല്യരായവരുടെ മത്സരത്തിൽ ധാർമ്മികരോഷം പൂണ്ടു. 'ഇത് അധാർമ്മികമാണ്.' അവർ പരസ്പരം പറഞ്ഞു. 'നമുക്കിവിടെനിന്ന് തിരിച്ചു പോകാം. കാരണം ഇവിടെ അനീതിയും അധർമ്മവും നടമാടുന്നു. ഇവിടെ നിന്നാൽ നാമും ഈ അക്രമത്തിനു കൂട്ടു നിൽക്കുന്ന തിനു തുല്യമാവും. ഈ യുവകോമളബാലൻമാർ മുഷ്ക്കരും മല്ലയുദ്ധവീരൻമാരുമായ ചാണൂരനോടും മുഷ്ടികനോടും കിടപിടിക്കുന്നതെങ്ങിനെ? ആ ബാലൻമാർ എത്ര സുന്ദരൻമാരും മനം മയക്കുന്നവരുമാണ്. വൃജത്തിലെ സ്ത്രീജനങ്ങൾ ഭാഗ്യം ചെയ്തവർ തന്നെ. ദിനവും അവരുടെ കണ്ണുകൾ ഈ ബാലൻമാരെ കാണുകയെന്ന അമൃതുണ്ണുന്നുവല്ലോ.'

കൃഷ്ണൻ ചാണൂരനെ വധിക്കാൻ തീരുമാനിച്ചു. യുദ്ധം അവസാനഘട്ടത്തിലെത്തി. ചാണൂരൻ കൃഷ്ണനെ നിലത്തേക്കെറിഞ്ഞ് ആഞ്ഞടിച്ചു. കൃഷ്ണനത് തട്ടിമാറ്റി ചാണൂരൻെറ കൈയ്യിൽപ്പിടിച്ചുയർത്തി തലയ്ക്കു ചുറ്റും ചുഴറ്റി നിലത്തടിച്ചു. അസുരൻെറ കഥ കഴിഞ്ഞു. അതേ സമയം ബലരാമൻ മുഷ്ടികനെയും വകവരുത്തി. രക്തം വമിച്ച് അവനും മരിച്ചു വീണു. രണ്ടുപേരുടേയും അനുയായികൾ രാമകൃഷ്ണൻമാർക്കു നേരെ പാഞ്ഞടുത്തുവെങ്കിലും അവരെയും ജ്യേഷ്ഠാനുജൻമാർ വകവരുത്തി. മറ്റുള്ളവർ ഓടി രക്ഷപ്പെട്ടു.

ക്രോധാകുലനായി കംസൻ അലറി. 'ധിക്കാരികളായ ഇവരെ പിടികൂടി എൻെറ രാജ്യത്തു നിന്നും നാടു കടത്തുക. അവരുടെ അഛനായ വസുദേവനെ വധിക്കുക. എൻെറ അഛനായ ഉഗ്രസേനനേയും കൊന്നു കളയയണം.' എന്നാൽ കൃഷ്ണൻ കംസൻെറ ഇരിപ്പിടത്തിലേക്ക് ചാടിക്കയറി കംസനെ കൈപിടിച്ച് കളരിയിലേക്ക് വലിച്ചിറക്കി. കംസന് വാളൂരാൻ പോലും സമയം കിട്ടിയില്ല. കൃഷ്ണൻ കംസൻെറ നെഞ്ചിലേക്ക് ചാടിക്കയറി. കംസൻ മരിച്ചു. എന്നാൽ രാപകൽ ശ്വാസഗതിയിലും ഊണിലും ഉറക്കത്തിലും നടത്തയിലും സംസാരത്തിലും കംസൻ കൃഷ്ണനെപ്പറ്റി സദാ ചിന്തിച്ചു കൊണ്ടിരുന്നതിനാൽ തുലോം അപ്രാപ്യമായ ആ നിർവ്വാണപദത്തെത്തന്നെ പ്രാപിച്ചു.

കംസൻെറ എട്ടു സഹോദരൻമാരും രാമകൃഷ്ണൻമാരുടെ നേർക്കു തിരിഞ്ഞു. ബലരാമൻ അവരെയെല്ലാം വകവരുത്തി. കൃഷ്ണൻെറ മേൽ പുഷ്പവൃഷ്ടിയുണ്ടായി. സ്വർഗ്ഗഗായകർ ഭഗവൽമഹിമകൾ പാടിപ്പുകഴ്ത്തി. മരണപ്പെട്ട രാക്ഷസരുടെ ഭാര്യമാരൊഴികെ എല്ലാവരും സന്തോഷിച്ചു. അവർ ഇങ്ങിനെ പറഞ്ഞു. 'ഭോജരാജനായ അങ്ങേക്ക് ധാർമ്മീക രീതികളെപ്പറ്റി നന്നായറിയാമായിരുന്നു. എന്നിട്ടും അങ്ങ് ദയവേതുമില്ലാതെ ധർമ്മിഷ്ഠരായ മനുഷ്യരെ ദ്രോഹിച്ച് നിർദ്ദോഷികളായവർക്ക് പറയാനരുതാത്ത കഷ്ടനഷ്ടങ്ങൾ വരുത്തി. അങ്ങിനെയാണല്ലോ അവിടേക്കീയവസ്ഥ വന്നു ചേർന്നത്. നിർദ്ദോഷികൾക്ക് ദ്രോഹം ചെയ്യുന്നവർക്ക് ഇഹലോകത്തിൽ സന്തുഷ്ടിയൊന്നും പ്രതീക്ഷിക്കുക വയ്യ. കൃഷ്ണനെ അനാദരിക്കുന്നവർക്കൊന്നും അഭിവൃദ്ധിയുണ്ടാവുകയില്ലെന്നും നാം കണ്ടു. ഭഗവാൻ വിശ്വത്തിൻെറ സംരക്ഷകനും പരിപാലകനുമത്രെ.' കൃഷ്ണൻ സ്വയം അവരെ സമാധാനിപ്പിച്ചു. അതിനുശേഷം തൻെറ മാതാപിതാക്കളായ വസുദേവനെയും ദേവകിയെയും കാരാഗ്രഹത്തിൽ നിന്നും മോചിപ്പിച്ചു. അവരുടെ കാൽക്കൽ വീണു നമസ്ക്കരിച്ചു. അവരാകട്ടെ നിശ്ശബ്ദരായി നിന്നുപോയി. ദിവ്യതയുടെ അവതാരപുരുഷനാണ് തങ്ങളുടെ കാൽക്കൽ വീണു നമസ്ക്കരിക്കുന്നതെന്ന് അവർക്കറിയാമായിരുന്നു.